# നീരയും ഉത്പന്നങ്ങളും ഞായറാഴ്ച വിപണിയിലേക്ക്

**കൊച്ചി:** കേരളത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്കും കേര കർഷകർക്കും ഏറെ നേട്ടമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്ന നീരയും നീര ഉത്പന്നങ്ങളും ഞായറാഴ്ച മുഖ്യമന്ത്രി വിപണിയിലിറക്കും. 11 മണിക്ക് കോട്ടയം ബി.സി. എം. കോളേജിലാണ് ചടങ്ങ്.



ഫെഡറേഷനുകൾക്ക് വ്യാവസായികാടിസ്ഥാനത്തിൽ നീര ഉത്പാദിപ്പിക്കാനുള്ള അനുമതി ലഭിച്ചതോടെ പ്രത്യേക പരിശീലനം നേടിയ നീര ടെക്നീഷ്യന്മാർ വഴി ഉടൻ തന്നെ ഉത്പാദനവും സംസ്കരണവും തുടങ്ങാനാണ് പദ്ധതി.

നാളികേര വികസന ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദന സംഘങ്ങളാണ് ഇതിന് മേൽനോട്ടം വഹിക്കുക.

തെങ്ങൊന്നിന് ഒരുലിറ്റർ നീര ലഭിക്കുമെന്നാണ് കണക്കാക്കുന്നത്. ഉപഭോക്തൃ വിലയുടെ 50 ശതമാനം കർഷകനും 25 ശതമാനം നീര ടെക്നീഷ്യന്മാർക്കും ലഭിക്കും. 25 ശതമാനം സംസ്കരണത്തിനും വിപണനത്തിനുമായി നീക്കിവെക്കും.

മന്ത്രിമാരായ കെ. എം. മാണി, കെ. ബാബു, കെ. പി. മോഹനൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, , ജോസ് കെ. മാണി എം. പി, അഡ്വ. സുരേഷ് കുറുപ്പ് എം.എൽ. എ. എന്നിവർ ചടങ്ങിൽ പങ്കെടുക്കും.